**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. T 607** | **31.10.2016-ൽ മറുപടിയ്ക്ക്**

## കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകളുടെ ബാഹുല്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എൻ. ഷംസീർ<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. എ. എം. ആരിഫ്<br>ശ്രീ. ആന്റണി ജോൺ | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ദീർഘകാലം കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകളുടെ ബാഹുല്യം നീതിന്യായ സംവിധാനത്തിനു മുന്നിലെ വലിയ വെല്ലുവിളിയാണെന്ന ബഹു. സുപ്രീംകോടതി ചീഫ് ജസ്റ്റിസിന്റെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) സംസ്ഥാനത്തെ വിവിധ തലങ്ങളിലുള്ള കോടതികൾ സമാനമായ പ്രതിസന്ധി നേരിടുന്നുവെന്നത് മനസ്സിലാക്കിയിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) വിവിധ കോടതികളിൽ കെട്ടിക്കിടക്കുന്ന സിവിൽ, ക്രിമിനൽ കേസുകളെ അവയുടെ ഗൗരവം കണക്കാക്കി തരം തിരിച്ച് എത്രയും വേഗം തീർപ്പുകൽപ്പിക്കാനുള്ള നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ ; | (സി) സംസ്ഥാനത്തെ വിവിധ കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകൾ വേഗത്തിൽ തീർപ്പുകൽപ്പിക്കുന്നതിനു വേണ്ടി സിവിൽ ക്രിമിനൽ കേസ്സുകളെ അവയുടെ ഗൗരവം കണക്കാക്കി തരം തിരിക്കാനുള്ള ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതിനായി കേസുകൾ ഒന്നിച്ചു ചേർക്കൽ, തരം തിരിക്കൽ, പ്രത്യേക സ്വഭാവമുള്ള കേസുകൾ സ്പെഷ്യൽ കോടതികളിലേയ്ക്ക് കൈമാറ്റം ചെയ്യൽ തുടങ്ങിയവ ചെയ്തിട്ടുണ്ട്. |

കാലപ്പഴക്കം ചെന്ന കേസുകൾ തീർപ്പാക്കുന്നതിനായി പ്രാധാന്യം അർഹിക്കുന്ന കേസുകളെ ഇനം തിരിക്കുകയും, കീഴ് കോടതികളുടെ നടത്തിപ്പ് നിരീക്ഷിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ ബഹു.ഹൈക്കോടതി നൽകി വരികയും ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ കോടതികളിലേയും 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള കേസുകൾ 2016 വർഷത്തിൽ തന്നെ തീർപ്പാക്കുന്നതിന് സ്പെഷ്യൽ ഡ്രൈവ് തീരുമാനിച്ചിട്ടുണ്ട്.

(ഡി) സമയബന്ധിതമായി അദാലത്തുകൾ സംഘടിപ്പിച്ച് കേസുകളുടെ ബാഹുല്യം കുറച്ച് നീതിന്യായ സംവിധാനത്തിൽ ജനങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കാനുതകുന്ന സത്വര നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

(ഡി) ഉവ്വ് ; KELSA , DLSA, താലൂക്ക് ലീഗൽ സർവ്വീസ് കമ്മിറ്റി തുടങ്ങിയവയുടെ ആഭിമുഖ്യത്തിൽ അദാലത്തുകൾ നടത്താറുണ്ട്. നാഷണൽ ലീഗൽ എയ്ഡ് അതോറിറ്റിയുടെ നിർദ്ദേശ പ്രകാരം KELSA യുടെ സഹായത്തോടു കൂടി എല്ലാ മാസങ്ങളിലേയും രണ്ടാം ശനിയാഴ്ച ഓരോ വിഷയത്തിന്മേൽ ജില്ലാടിസ്ഥാനത്തിലും താലൂക്കടിസ്ഥാനത്തിലും നാഷണൽ ലോക് അദാലത്തുകൾ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ഉൾ ഗ്രാമ പ്രദേശങ്ങളിലെ പഞ്ചായത്തുകളിൽ അദാലത്തുകൾ നടത്തുന്നതിനായി മൊബൈൽ ലോക് അദാലത്ത് വാൻ സർവ്വീസ് നടത്തുന്നുണ്ട്. 2016 വരെ 1,420 ലോക് അദാലത്തുകൾ 8 നാഷണൽ ലോക് അദാലത്തുകൾ സംഘടിപ്പിക്കുകയും 1,17,047 കേസുകൾ 32,363 pre – litigation കേസുകൾ എന്നിവ തീർപ്പാക്കിയിട്ടുമുണ്ട്. 352,84,21,946 രൂപ ന്യായ തീർപ്പായും നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ